(ബി&സി) ആരുടെയും വീട് റെയ്ഡ് ചെയ്തിട്ടില്ല.

(ഡി) കന്റോൺമെന്റ് പി.എസ്. ക്രൈം 9/2001 എന്ന കേസിൽ യു/എസ് 143, 147, 148, 149, 448 332 ഐ.പി.സി. ആന്റ് സെക്ഷൻ 3 (1) ഓഫ് പി.ഡി.പി.പി ആക്ട് 1984 ആന്റ് സെക്ഷൻ 38 ആന്റ് 52 ഓഫ് കെ.പി. ആക്ട് പ്രകാരമുള്ള കുറ്റവും, കന്റോൺമെന്റ് പി.എസ്. ക്രൈം 10/2001 എന്ന കേസിൽ യുഎസ് 143, 147, 148, 149, 323, ആന്റ് 324 ഐ.പി.സി. പ്രകാരമുള്ള കുറ്റങ്ങളുമാണ് ചുമത്തിയിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

പണിമുടക്കിനോടനുബന്ധിച്ച് വനിതാ ജീവനക്കാരെ ആക്രമിച്ച പരാതി

145 (146) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി മാസത്തിൽ സെക്രട്ടേറിയേറ്റിൽ നടത്തിയ ജീവനക്കാരുടെ പണിമുടക്കിനോടനുബന്ധിച്ച് വനിതാ ജീവനക്കാരെ ആക്രമിച്ചതിന് എത്ര ജീവനക്കാരെ അറസ്റ്റുചെയ്തിട്ടുണ്ട് ;

(ബി) ഇവരെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് അറസ്റ്റുചെയ്തത് ;

(സി) അറസ്റ്റ് ചെയ്തവരെ വിട്ടയച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 4 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) കൺടോൺമെന്റ് പി.എസ്.ക്രൈം 10/2001/യു/എസ്. 143, 147, 148, 149, 323 ആന്റ് 324 ഐ.പി.സി. കേസ്സുമായി ബന്ധപ്പെട്ടാണ് അറസ്റ്റുചെയ്തത്.

(സി) 15-1-2001-ൽ ജാമ്യത്തിൽ വിട്ടയച്ചിട്ടുണ്ട്.

ബോംബുകൾ ഉപയോഗിച്ച കേസുകൾ

146 (147) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രാഷ്ട്രീയ പ്രതിയോഗികളെ നശിപ്പിക്കുന്നതിനായി ബോംബുകൾ ഉപയോഗിച്ച എത്ര കേസുകൾ ഉണ്ടായി ;

(ബി) ഇതിൽ എത്ര പേർ മരണമടഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly